## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4330

28.06.2012 ൽ
മറുപടി നൽകേണ്ടിയിരുന്നത്

### ഭൂമി കയ്യേറ്റം ഒഴിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>,, പി. ബി. അബ്ദുൾ റസാക്<br>,, സി. മമ്മൂട്ടി<br>,, സി. മോയിൻകുട്ടി | ശ്രീ.അടൂർ പ്രകാശ്<br>(ബഹു.റവന്യു വകുപ്പ് മന്ത്രി) |
| എ) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ മുൻസർക്കാർ സ്വീകരിച്ചു വന്നതിൽ നിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ നിയമാനു-സൃതം ഒഴിപ്പിയ്ക്കുക എന്നതാണ് സർക്കാർ നയം. |
| ബി) ഭൂമി കയ്യേറ്റങ്ങൾക്കും അത് നിയമാനുസൃതമാക്കി മാറ്റുന്ന കാര്യത്തിലും, സർക്കാർ ഉദ്യോഗസ്ഥരിൽ ഒരു വിഭാഗം സഹായങ്ങൾ ചെയ്തുകൊടുക്കുന്നതായ ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അന്വേഷിച്ച് വിശദ വിവരം നൽകാമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ശേഷിക്കുന്ന സർക്കാർ ഭൂമി കയ്യേറുന്ന സാഹചര്യം ഒഴിവാക്കാൻ എന്തു മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) ഭൂമി കയ്യേറുന്നവർക്കും ആയതിന് സഹായിക്കുന്നവർക്കും 3 വർഷം മുതൽ 5 വർഷം വരെ തടവു ശിക്ഷയും 5000 മുതൽ 2 ലക്ഷം രൂപ വരെ പിഴശിക്ഷയും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ 0.20.23 ഹെക്ടർ (50 സെന്റിൽ) വിസ്തീർണ്ണത്തിൽ കൂടുതലുള്ള സർക്കാർ ഭൂമി ജണ്ട ഇട്ട് സംരക്ഷിക്കുന്നതിനുള്ള നടപടി ഇടുക്കി ജില്ലയിൽ തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കാര്യക്ഷമമായി സംരക്ഷിക്കുന്നതിനും 'പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ്' (പി.എൽ.പി.എഫ്) രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ സഹായത്തോടുകൂടി സർക്കാർ ഭൂമി സംരക്ഷണം ഉറപ്പാക്കുന്നതിന് റവന്യൂ വകുപ്പിന് കീഴിലുള്ള സർക്കാർ ഭൂമിയുടെ ഫോട്ടോ, സ്കെച്ച് മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ശേഖരിച്ച് |

WWW.kslb.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ലകളിലെ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ അനധികൃത കയ്യേറ്റം ഉണ്ടാകാതിരിക്കുവാൻ ആയത് വില്ലേജ് ഓഫീസർമാരുടെ നിരീക്ഷണത്തിലുമാണ്. കൂടാതെ സർക്കാർ ഭൂമിയിലെ കയ്യേറ്റം പൊതുജനങ്ങളുടെ, സഹായത്തോടുകൂടി യഥാസമയം ഒഴിവാക്കുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള IVRS സംവിധാനം ടോൾഫ്രീ നമ്പരായ 18004255255 എന്ന നമ്പരിൽ നിലവിൽ സന്നദ്ധമാണ്.

ഡി) മുൻസർക്കാരിന്റെ കാലത്തും, ഈ സർക്കാർ അധികാരമേറ്റ ശേഷവും എത്ര വീതം ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ ?

ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും കൈയ്യേറ്റം ഒഴിപ്പിച്ചതുമായി ബന്ധപ്പെട്ട കണക്ക് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബ

| ജില്ല | കഴിഞ്ഞ സർക്കാർ | ഈ സർക്കാർ |
|---|---|---|
| തിരുവനന്തപുരം | 53.68.81 ഹെക്ടർ | 3.02.56 ഹെക്ടർ |
| കൊല്ലം | 29.52.68 ഹെക്ടർ | 00.40.11 ഹെക്ടർ |
| പത്തനംതിട്ട | 01.68.45 ഹെക്ടർ | 01.55.11 ഹെക്ടർ |
| ആലപ്പുഴ | 01.61 ഹെക്ടർ | 0.70 ഹെക്ടർ |
| കോട്ടയം | 119.81.13 ഹെക്ടർ (മിച്ചഭൂമി കയ്യേറ്റം ഉൾപ്പെടെ) | 1.82.95 ഹെക്ടർ |
| ഇടുക്കി | 4941.58.32 ഹെക്ടർ | 781.84.00 ഹെക്ടർ |
| എറണാകുളം | 15.63.37 ഹെക്ടർ | 0.6545 ഹെക്ടർ |
| തൃശൂർ | 14.6327 ഹെക്ടർ | - |
| പാലക്കാട് | 42.9155 ഹെക്ടർ | 98 കേസുകൾ (1.0183 ഹെക്ടർ) |
| മലപ്പുറം | 25.2361 ഹെക്ടർ | 0.0430 ഹെക്ടർ |
| കോഴിക്കോട് | 16.5611 ഹെക്ടർ | 0.4889 ഹെക്ടർ |
| കണ്ണൂർ | 0.2995 ഹെക്ടർ | 0.2227 ഹെക്ടർ |
| വയനാട് | 31.867 ഹെക്ടർ | 237.923 ഹെക്ടർ |
| കാസർഗോഡ് | 11.242 ഹെക്ടർ | - |